Kaumudi
CLASSIFIEDS
കുറഞ്ഞനിരക്കിൽ കൂടുതൽനേട്ടം.

SRI SAI CARGO PACKERS & MOVERS
നിങ്ങളുടെ വീട്ടുസാധനങ്ങൾ പായ്ക്കുചെയ്ത് ഇൻഷുറൻസോടെയും കാറുകൾ Car Carrier വഴിയും ഇന്ത്യയിൽ എവിടെയും എത്തിക്കുന്നതിനും കേരളത്തിൽ നിന്നും കൊണ്ടുവരുന്നതിനും ബന്ധപ്പെടുക. **19, Punit Corner, Sector-26, Vashi, Navi Mumbai. Tel:2784 2689,32596519,27570648. Mob.:9323186495, 9702765900.** കണ്ണൂർ, തൃശൂർ, എറണാകുളം, കൊല്ലം, ചെന്നൈ, ബാംഗ്ളൂർ, ഡൽഹി.

PRIVATE NURSE HOSTEL
ഭക്ഷണത്തോടുകൂടി വേണ്ടവർ (Ladies Only) ബന്ധപ്പെടുക. വസായ് സ്റ്റേഷനടുത്ത്. **9967476066, 8087852090.**

MANGALA CARGO CORPN.
Packers & Movers
നിങ്ങളുടെ വീട്ടുസാധനങ്ങളും കച്ചവട സാമഗ്രികളും പായ്ക്ക് ചെയ്ത് ഇൻഷുറൻസോടുകൂടി ഇന്ത്യയിലെവിടെയും എത്തിക്കുന്നതിനും തിരികെ കൊണ്ടുവരുന്നതിനും പായ്ക്കിംഗ് പ്രൊഫഷണലായ ഞങ്ങളെ സമീപിക്കുക.
Plot No. 233, Sector 26 A, Vashi, New Mumbai.
Phone: 27831608, Mob.: 9323196882, 9821222065, Dombivli: 95251-2820095, 0251-2820095
E-mail: mangala.cargocorp@rediffmail.com
Branches: Kannur, Calicut, Trichur, Ernakulam, Kottayam, Kollam, Trivandrum.

JAYA KERALA
Cargo Movers
Household Packers & Movers
M: 9819724561, 9820934838, 9323548003, 9223382781
Plot No. 48, 49, Unit No.2, `Gokul Mani' Sector-19A. Vashi. Ph. 64521527.Dombivili- 0251-2822096.
നിങ്ങളുടെ വീട്ടുസാധനങ്ങൾ, കച്ചവടസാമഗ്രികൾ എന്നിവ പായ്ക്കുചെയ്ത് ഇൻഷ്വർ ചെയ്ത് സുരക്ഷിതമായി കേരളത്തിന്റെ ഏതു ഭാഗത്തേക്കും എത്തിച്ചുകൊടുക്കുന്നതിനും തിരികെ കൊണ്ടുവരുന്നതിനും
Email: vkgopinathannair@gmail.com
N.B.കാറുകൾ കണ്ടെയ്നറുകൾ വഴി സുരക്ഷിതമായി ഉത്തരവാദിത്വത്തോടുകൂടി കേരളത്തിലെവിടെയും എത്തിച്ചുകൊടുക്കുന്നു.

PRIVATE NURSE HOSTEL
ഭക്ഷണത്തോടു കൂടി വേണ്ടവർ (ladies only) ബന്ധപ്പെടുക. വസായ് റോഡ് സ്റ്റേഷനടുത്ത് 9967476066, 8087852090

ജനുവരിയിൽ വ്യാവസായിക ഉത്പാദന സൂചിക 16.7 ശതമാനം ഉയർന്നു

വ്യവസായ മേഖലയിലെ കുതിപ്പ് തുടരുന്നു

കൊച്ചി: ജനുവരിയിൽ ഇന്ത്യയിലെ വ്യാവസായിക ഉത്പാദന സൂചിക (ഐ.ഐ.പി) 16.7 ശതമാനം വളർച്ചയുമായി മികച്ച പ്രകടനം കാഴ്ചവച്ചു. കഴിഞ്ഞ ജനുവരിയിൽ ഒരു ശതമാനം മാത്രം വളർച്ച നേടിയ വ്യവസായ ഉത്പാദന സൂചികയാണ് ഇത്തവണ വൻ മുന്നേറ്റം നടത്തിയത്. കൺസ്യൂമർ നോൺ ഡ്യൂറബിൾസ് ഒഴികെയുള്ള മേഖലകളെല്ലാം ഉത്പാദനത്തിൽ വർധന രേഖപ്പെടുത്തി. ഡിസംബറിൽ വ്യവസായ മേഖലയിലെ വളർച്ച 16.8 ശതമാനമായിരുന്നു.

മാനുഫാക്ചറിംഗ്, ഖനനം, മൂലധന ഉത്പന്നങ്ങൾ, അടിസ്ഥാന ഉത്പന്നങ്ങൾ എന്നീ മേഖലകളാണ് വ്യവസായ മുന്നേറ്റത്തിന് നേതൃത്വം നൽകിയത്. കേന്ദ്രസർക്കാർ കഴിഞ്ഞ വർഷം പ്രഖ്യാപിച്ച മാന്ദ്യ വിരുദ്ധ ഉത്തേജക പാക്കേജുകളും ആഭ്യന്തര ഉപഭോഗത്തിലുണ്ടായ മികച്ച ഉണർവുമാണ് ഇന്ത്യൻ വ്യവസായ രംഗത്തിന് കരുത്തായത്. പ്രധാനപ്പെട്ട 17 വ്യവസായ മേഖലകളിൽ 14 എണ്ണവും മുൻവർഷത്തെ ഇക്കാലയളവിനേക്കാൾ മികച്ച വളർച്ച രേഖപ്പെടുത്തി.

ഇന്നലെ കേന്ദ്രസർക്കാർ പുറത്തുവിട്ട കണക്കുകളനുസരിച്ച് മാനുഫാക്ചറിംഗ് രംഗത്ത് ഉത്പാദനത്തിൽ 17.9 ശതമാനം വർധനയുണ്ടായി. മുൻവർഷം ഇതേ കാലയളവിൽ വളർച്ചാ നിരക്ക് ഒരു ശതമാനമായിരുന്നു. ഖനന മേഖലയിലെ വളർച്ചാ നിരക്ക് 14.6 ശതമാനമായി ഉയർന്നു. അടിസ്ഥാന ഉത്പന്നങ്ങളുടെ ഉത്പാദനം 10.7 ശതമാനം ഉയർന്നു.

വൈദ്യുതിയിൽ 5.6 ശതമാനവും മൂലധന ഉത്പന്നങ്ങളിൽ 56.2 ശതമാനവും ഉത്പാദന വർധന രേഖപ്പെടുത്തി. ഉപഭോക്തൃ ഉത്പന്നങ്ങളിൽ 4.2 ശതമാനമാണ് വളർച്ചാ നിരക്ക്. കഴിഞ്ഞ ഡിസംബറിലെ വളർച്ചാ നിരക്ക് 17.6 ശതമാനമായും കേന്ദ്ര സർക്കാർ പുനർ നിശ്ചയിച്ചിട്ടുണ്ട്. ഏപ്രിൽ മുതൽ ജനുവരി വരെയുള്ള പത്ത് മാസകാലയളവിൽ വ്യാവസായിക ഉത്പാദനം 9.6 ശതമാനം വളർച്ച നേടി. മുൻവർഷം ഇതേ കാലയളവിൽ ഉത്പാദനത്തിലെ വളർച്ച കേവലം 3.3 ശതമാനം മാത്രമായിരുന്നു.

7.2 ശതമാനം വളർച്ച നേടാൻ വ്യവസായ മേഖല സഹായിക്കുമെന്ന് ധനമന്ത്രി

ന്യൂഡൽഹി: വ്യാവസായിക ഉത്പാദന സൂചികയിലെ മികച്ച മികച്ച മുന്നേറ്റം നടപ്പുസാമ്പത്തിക വർഷം 7.2 ശതമാനം വളർച്ച നേടാൻ ഇന്ത്യയെ സഹായിക്കുമെന്ന് ധനമന്ത്രി പ്രണാബ് മുഖർജി പറഞ്ഞു. സാമ്പത്തിക മാന്ദ്യത്തിൽ നിന്നും രാജ്യം പൂർണമായും പുറത്തു കടക്കുന്നതിന്റെ സൂചനയാണിതെന്നും അദ്ദേഹം പറഞ്ഞു. ഡിസംബർ, ജനുവരി മാസങ്ങളിൽ വ്യവസായ രംഗത്ത് ഗണ്യമായ മുന്നേറ്റമാണുണ്ടായത്. സാമ്പത്തിക വളർച്ചയ്ക്ക് ഉത്പാദന മേഖല മികച്ച സംഭാവന നൽകുമെന്നാണ് കരുതുന്നതെന്ന് പ്രണാബ് മുഖർജി പറഞ്ഞു.



ആവേശമില്ലാതെ ഓഹരി വിപണി

കൊച്ചി: വ്യവസായ മേഖലയിലെ മികച്ച മുന്നേറ്റത്തിന്റെ കണക്കുകൾ പുറത്തുവന്നിട്ടും കാര്യമായ ആവേശമില്ലാതെയാണ് ഇന്നലെ ഓഹരി വിപണി നീങ്ങിയത്. മെറ്റൽ, വാഹന, എണ്ണ ഖനന മേഖലയിലെ കമ്പനികൾ നേട്ടമുണ്ടാക്കിയപ്പോൾ ഊർജ, ബാങ്കിംഗ് ഓഹരികൾ തിരിച്ചടി നേരിട്ടു. ബോംബെ ഓഹരി സൂചിക 1.34 പോയിന്റ് നഷ്ടവുമായി 17166.62-ൽ എത്തി. ദേശീയ സൂചിക 3.6 പോയിന്റ് ഉയർന്ന് 5137-ൽ അവസാനിച്ചു.

കേന്ദ്ര ബഡ്ജറ്റിന് ശേഷം വിദേശ ധനകാര്യ നിക്ഷേപകർ ഇന്ത്യൻ വിപണിയിൽ നിന്നും പിന്മാറുന്നുവെന്ന സൂചനയാണ് ലഭിക്കുന്നത്. കഴിഞ്ഞ ഏഴ് വ്യാപാര സെഷനുകളിലായി വിദേശ ധനകാര്യ സ്ഥാപനങ്ങൾ 11,000 കോടി രൂപയുടെ ഓഹരികളാണ് വിറ്റഴിച്ചത്. ഭാരതി, ഐ. ടി. സി, ഐ. സി. ഐ. സി. ഐ ബാങ്ക്, ടി. സി. എസ്, റാൻബാക്സി ലാബ്സ്, ടാറ്റ പവർ എന്നിവയാണ് നേട്ടമുണ്ടാക്കിയ പ്രധാന ഓഹരികൾ, എൻ. ടി. പി. സി, എച്ച്. ഡി. എഫ്. സി, ഇൻഫോസിസ്, സൺ ഫാർമ, ഐഡിയ എന്നിവ നഷ്ടം നേരിട്ടു.

രാജ്യാന്തര സ്റ്റീൽ വില കുതിക്കുന്നു

കാർ വില വീണ്ടും ഉയരാൻ സാധ്യത

മുംബയ്: കേന്ദ്ര ബഡ്ജറ്റിലെ എക്സ്ചേഞ്ച് തീരുവ വർധനയ്ക്ക് പിന്നാലെ സ്റ്റീൽ വില കുത്തനെ ഉയരുന്നതും ഇന്ത്യൻ വാഹന നിർമാണ മേഖലയ്ക്ക് വിനയാകുന്നു. എക്സൈസ് തീരുവയിലെ രണ്ട് ശതമാനം വർധന വഴിയുണ്ടായ അധിക ബാധ്യത പ്രമുഖ വാഹന നിർമ്മാണ കമ്പനികളെല്ലാം ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാൻ തീരുമാനിച്ചിരുന്നു. ഇതിന്റെ ഭാഗമായ കാറുകൾ, ട്രക്കുകൾ എന്നിവയുടെ വിലയിൽ നിർമ്മാതാക്കൾ 10,000 രൂപ മുതൽ 1.5 ലക്ഷം രൂപ വരെയാണ് ഈയിടെ വർധിപ്പിച്ചത്.

വാഹന നിർമാണത്തിനുള്ള പ്രധാന അസംസ്കൃത വസ്തുവായ സ്റ്റീലിന്റെ വില തുടർച്ചയായി മുകളിലേക്ക് നീങ്ങുന്നതിനാൽ കാറുകളുടെയും ട്രക്കുകളുടെയും വില വീണ്ടും വർധിപ്പിക്കാനാണ് കമ്പനികളുടെ നീക്കം. സ്റ്റീലിന്റെ അടിസ്ഥാന വിലയായി കണക്കാക്കുന്ന ജാപ്പനീസ് സ്റ്റീൽ മിൽസിന് കഴിഞ്ഞ വർഷം ടണ്ണിന് 5,800 രൂപയായിരുന്നത് ഇപ്പോൾ 9,100 രൂപയായാണ് കുതിച്ചുയർന്നത്. ഇരുമ്പയിര് വില ടണ്ണിന് 2,800 രൂപയിൽ നിന്നും 4,550 രൂപയായി ഉയരുമെന്നാണ് വിലയിരുത്തൽ. ഇതോടെ സ്റ്റീലിന്റ ഉത്പാദന ചെലവ് 300 ശതമാനം കൂടും.

സ്റ്റീൽ വിലയിലെ വർധന മൂലമുള്ള നഷ്ടം ഏറെക്കാലം സഹിക്കാനാവില്ലെന്ന് കാർ നിർമ്മാതാക്കൾ വ്യക്തമാക്കി. അതിനാൽ ഈ തുക ഉപഭോക്താക്കളിൽ നിന്നും ഈടാക്കാൻ കമ്പനികൾ നിർബന്ധിതരാവുമെന്ന് ജനറൽ മോട്ടോഴ്സിന്റെ ഒരു ഉയർന്ന ഉദ്യോഗസ്ഥൻ പറഞ്ഞു. സാമ്പത്തിക മേഖലയിൽ ദൃശ്യമാവുന്ന ഉണർവ് സ്റ്റീൽ വില ഇനിയും ഉയരാനുള്ള സാധ്യതയാണ് ഒരുക്കുന്നത്.

'ജ്യുവൽ ഒഫ് മസ്ക്കറ്റ്' ഇന്ന് കൊച്ചിയിൽ

കൊച്ചി: ഒമാൻ രാജാവ് സിംഗപ്പൂർ ജനതയ്ക്ക് സ്നേഹസമ്മാനമായി നൽകിയ ജലയാനം "ജ്യുവൽ ഒഫ് മസ്ക്കറ്റ്' ഇന്ന് കൊച്ചി തീരത്തെത്തും. ഒരാഴ്ച ഇവിടെ തങ്ങുന്ന ഈ പായ്ക്കപ്പലിന് 17-ന് ഔദ്യോഗിക സ്വീകരണം നൽകും. കേന്ദ്ര സർക്കാരും ഒമാനും നയതന്ത്ര തലത്തിൽ നടത്തിയ ചർച്ചകളെ തുടർന്നാണ് സ്വീകരണം നൽകുന്നത്. നാവിക സേനയുടേയും തീരസംരക്ഷണസേനയുടേയും കപ്പലുകളും ഹെലികോപ്ടറുകളും ചേർന്ന് ഇന്ന് പുറംകടലിൽ നിന്ന് യാനത്തെ വരവേൽക്കും. സമുദ്രപാതകൾ വഴി വ്യാപാര ബന്ധങ്ങൾ സുദൃഢമായിരുന്ന ഒൻപതാം നൂറ്റാണ്ടിൽ നിറയെ ചരക്കുമായുള്ള യാത്രാമധ്യേ തകർന്ന ജലയാനത്തിൻെറ പുനർജനിയാണ് "ജ്യുവൽ ഒഫ് മസ്ക്കറ്റ്'. കേരളത്തിൽ നിന്നുള്ള തേക്ക്, കയർ, മലബാറിൽ നിന്നുള്ള വിദഗ്ധ തൊഴിലാളികളുടെ സേവനം എന്നിവ ഈ ജലയാനത്തിന്റെ നിർമ്മിതിയിൽ പ്രധാന ഘടകമായി.

പ്രവചനം

വി.സി. അപ്പുക്കുട്ടൻ

ചന്ദ്രിക, മുംബയ്

എന്റെ മകള് 2-8-1985 വൈകുന്നേരം 5 മണി 43 മിനിറ്റുള്ളപ്പോൾ അവിട്ടം നക്ഷത്രത്തിൽ ബോംബെ മുളുണ്ടിൽ ജനിച്ചു. മകളുടെ വിവാഹം ഇപ്പോൾ ആലോചിച്ചാൽ നടക്കുമോ എന്നും ജാതകത്തിൽ ദോഷമുണ്ടോ എന്നും ദോഷമുണ്ടെങ്കിൽ അതിനുള്ള പരിഹാരവും രജ്ജു ദോഷമുള്ള നാളുകൾ ഏതാണെന്നും മകളുടെ ജാതകത്തിന് ചേരുന്ന നാളുകൾ ഏതാണെന്നും അറിയുവാൻ ആഗ്രഹിക്കുന്നു.

മകളുടെ ജാതകപ്രകാരം. വ്യാഴദശയിൽ 16-9-2011 മുതൽ ശുക്രാപഹാരത്തിലാണ് വിവാഹ യോഗം കാണുന്നത്. എന്നാൽ 2010 ഒക്ടോബർ മാസം വരെയുള്ള ബുധാപഹാരവും വിവാഹയോഗമുള്ള സമയം തന്നെയാണ്. മകളുടേത് ദോഷമുള്ള ജാതകമാണ്. ദോഷശാന്തിക്കായി സ്കന്ദഷഷ്ഠി വ്രതം അനുഷ്ഠിക്കുന്നതും ശിവശങ്കര ഭഗവാനെയും, ശ്രീകൃഷ്ണ ഭഗവാനെയും, ഭദ്രകാളിദേവിയെയും നിത്യവും ഭജിക്കുന്നതും സ്വയംവരയന്ത്രം ധരിക്കുന്നതും നല്ലതാണ്. മദ്ധ്യമ രജ്ജുവിൽ പെടുന്ന നാളുകൾ ഭരണി പൂരം, പൂരാടം, മകയിരം, ചിത്തിര, അവിട്ടം, പൂയം, അനിഴം, ഉത്രട്ടാതി എന്നിവയാണ്. അശ്വതി കാർത്തിക, ആയില്യം, മകം, ഉത്രം, അത്തം, ചോതി, വിശാഖം, തൃക്കേട്ട, മൂലം, ഉത്രാടം, തിരുവോണം, ചതയം എന്നിവ അവിട്ടം കുംഭകൂറിന് ചേരുന്ന നാളുകളാണ്.

ഇന്ദിര മുംബയ്

എന്റെ മകൻ 9-5-1975 പകൽ 2 മണി 28 മിനിട്ടുള്ളപ്പോൾ അശ്വതി നക്ഷത്രത്തി മുംബൈയിൽ ജനിച്ചു. ധാരാളം പ്രതിവിധികൾ ചെയ്തുവെങ്കിലും ഇതുവരെ വിവാഹം നടന്നിട്ടില്ല. വിവാഹം എന്നു നടക്കുമെന്നും വിവാഹത്തിന് തടസ്സമെന്താണെന്നും എന്ത് പരിഹാരമാണ് ചെയ്യേണ്ടതെന്നും എം. ബി. എ. നല്ല മാർക്കോടെ പാസ്സായിട്ടുള്ള മകന് ആ ലൈനിലുള്ള ജോലി എപ്പോളാണ് ലഭിക്കുകയെന്നും അറിയുവാൻ ആഗ്രഹിക്കുന്നു.

മകന്റെ ജാതകത്തിൽ ഏഴിൽ ചൊവ്വ നിൽക്കുന്നതും ഏഴാം ഭാവാഹിപനായ ശനി നീചരാശ്യംശകത്താൽ ബലഹീനനായി നിൽക്കുന്നതുമാണ് വിവാഹത്തിന് തടസ്സമായി കാണുന്നത്. ദോഷശാന്തിക്കായി സുബ്രഹ്മണ്യ സ്വാമിയേയും അയ്യപ്പ സ്വാമിയെയും നിത്യം ജപിക്കുകയും സ്വയംവര യന്ത്രം ധരിക്കുകയും നവഗ്രഹ സ്തോത്രം നിത്യവും 9 പ്രാവശ്യം ചൊല്ലുകയും ചെയ്യാവുന്നതാണ്. പരിഹാരങ്ങൾ ശരിയായി ചെയ്യുന്നുവെങ്കിൽ തടസ്സങ്ങൾ നീങ്ങി, ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന ചന്ദ്രദശയിൽ 2011 മെയ് 28-ാം തീയതി മുതൽ ശനി അപഹാരം വരുമ്പോൾ വിവാഹം നടക്കുവാനുള്ള സാദ്ധ്യത കാണുന്നുണ്ട്. എന്നാൽ ഏഴിൽ ചൊവ്വയുള്ള ജാതകമായതിനാൽ വിവാഹത്തിന് ശരിയായ ജാതകപ്പൊരുത്തം നോക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കർമ്മാധിപനായ ശുക്രനും ലാഭാധിപനായ ബുധനും പരിവർത്തന യോഗം ചെയ്തു നിൽക്കുന്ന ശുഭകരമായ ഗ്രഹസ്ഥിതിയുള്ള ജാതകമായതിനാൽ 26-12-2012 മുതൽ ചന്ദ്രദശയിലെ ബുധാപഹാരത്തിൽ ജോലിയിൽ വളരെ അനുകൂലമായ മാറ്റങ്ങൾ ഉണ്ടാകുന്നതാണ്.

ഒരു വായനക്കാരി, അന്ധേരി

എന്റെ മകൻ 1990 ജൂൺ 7-ാം തീയതി രാത്രി 9 നും 10 നും ഇടയ്ക്ക് അനിഴം നക്ഷത്രത്തിൽ അന്ധേരി ഈസ്റ്റിൽ ജനിച്ചു. ഇപ്പോൾ എൻജിനീയറിംഗ് 3-ാം വർഷം പഠിക്കുന്നു. ആദ്യ വർഷങ്ങളിൽ പഠനത്തിൽ കുഴപ്പമൊന്നുമില്ലായിരുന്നു. എന്നാൽ ഇപ്പോൾ എത്ര കഠിനപ്രയത്നം ചെയ്തു പഠിച്ചിട്ടും ഒരു വിഷയത്തിൽ പോലും ജയിക്കുന്നില്ല. ഇതിനാൽ മകനും ഞങ്ങളും ഒരുപോലെ വളരെയധികം വിഷമത്തിലാണ്. മകന്റെ ഇപ്പോളത്തെ സമയദോഷം കൊണ്ടാണോ ഇങ്ങനെ സംഭവിക്കുന്നത്? എന്തെങ്കിലും പ്രതിവിധി ചെയ്യേണ്ടതുണ്ടോ? മകന് നല്ലൊരു ഭാവിയുണ്ടാകുമോ എന്നെല്ലാം അറിയുവാൻ ആഗ്രഹക്കുന്നു.

1999 ജൂൺ 7-ാം തീയതി രാത്രി 9 മണി കഴിഞ്ഞ് 49 മിനിറ്റ് വരെ ധനു ലഗ്നവും അതിനുമേൽ മകരലഗ്നവുമാണ് ഉദിച്ചു നിൽക്കുന്നത്. നിങ്ങൾ പറയുന്ന 9 മണിക്കും 10 മണിക്കും ഇടയിൽ ലഗ്നം മാറുന്നതിനാൽ വളരെ പൊതുവായി ചില കാര്യങ്ങൾ പറയുവാൻ മാത്രമേ കഴിയൂ.

2008 മും 2009 നും ഇടയ്ക്കായി മകന്റെ ജാതകപ്രകാരം ബുധദശയിൽ 2 വർഷം 8 മാസം 9 ദിവസം വരെ നിൽക്കുന്ന ശനി അപഹാരം ആരംഭിച്ചതു മുതലായിരിക്കണം പഠിത്തത്തിൽ മാന്ദ്യം സംഭവിച്ചത്.

വിദ്യാരാജഗോപാല മന്ത്രം, ദക്ഷിണാമൂർത്തി മന്ത്രം, ശനി-രാഹു സ്തോത്രങ്ങൾ, അയ്യപ്പ സഹസ്രനാമാവലി എന്നിവ നിത്യവും ചൊല്ലുകയും വിദ്യാരാജഗോപാല യന്ത്രം ധരിക്കുകയും കൊല്ലൂർ ശ്രീ മൂകാംബികാ ക്ഷേത്രത്തിൽ ഒരു പ്രാവശ്യം ദർശന പൂജാദികൾ നടത്തുകയും ചെയ്യുന്നതിലൂടെ ദോഷശാന്തിയുണ്ടാകുന്നതാണ്. ഏകദേശം 2017 നും 2019 നും മദ്ധേയായി ആരംഭിക്കുന്ന 20 വർഷം നിൽക്കുന്ന ശുക്രദശ വളരെ അനുകൂലമായിട്ടാണ് കാണുന്നത്.

ഒരു വായനക്കാരൻ

ഞാനൊരു കൃസ്തീയ കുടുംബത്തിൽ 1973 ഏപ്രിൽ 1-ാം തീയതി 11 നും 12 നും ഇടയിൽ രാവിലെ ജനിച്ചു. എന്റെ നക്ഷത്രമോ ജ്യോതിഷമോ ഒന്നും നോക്കുകയും അറിയുകയും ചെയ്തിട്ടില്ല. ഞാൻ ബോംബെയിൽ പലപല ജോലികൾ ചെയ്തു. ഇപ്പോൾ ജോലി നഷ്ടപ്പെട്ട അവസ്ഥയിലാണ്. ജീവിതത്തിൽ ദുരിതപൂർണ്ണങ്ങളായ രംഗങ്ങളിലൂടെ മാത്രമേ പോയിട്ടുള്ളൂ. ഞാൻ ആകെ ദുഃഖാവസ്ഥയിലാണ്. ഇതു കാരണം ആത്മഹത്യ ചെയ്യണം എന്നും തോന്നുന്നു. എന്നെക്കുറിച്ചുള്ള വിവരങ്ങൾ പ്രവചനത്തിലൂടെ പറയണമെന്ന് അഭ്യർത്ഥിക്കുന്നു.

താങ്കളുടെ കൃത്യമായ ജനനസമയവും ജനനസ്ഥലവും എഴുതാത്തതിനാൽ ജാതകം ഗണിച്ച് ഫലം പറയുവാൻ നിർവ്വാഹമില്ല. ജന്മനക്ഷത്രമായും മകയിരമാണ്. മകയിരത്തിന്റെ നക്ഷത്രാധിപനായ ചൊവ്വയുടെ ഇപ്പോളത്തെ സ്ഥിതി പ്രകാരം 2010 മെയ് 25-ാം തീയതി കർക്കടകത്തിൽ നിന്നും ചൊവ്വ ചിങ്ങത്തിലേക്ക് കടക്കുമ്പോൾ മകയിരം ചിത്ര അവിട്ടം നക്ഷത്രങ്ങളിൽ ജനിച്ചവരുടെ വളരെയധികം ദോഷങ്ങൾക്ക് ശാന്തിയുണ്ടാകുകയും ശുഭഫലപ്രാപ്തിയുണ്ടാകുകയും ചെയ്യുന്നതാണ്. അപ്രകാരം ദോഷ പരിഹാരമായി ഉറച്ച ഈശ്വര വിശ്വാസത്തോടു കൂടി നിത്യ പ്രാർത്ഥന സാധാരണ ചെയ്യുന്നതിന്റെ രണ്ടോ മൂന്നോ ഇരട്ടി സമയം ചെയ്യുകയും ആത്മവിശ്വാസത്തോടുകൂടി ശ്രമിക്കുകയും ചെയ്യുകയാണെങ്കിൽ വിഷമങ്ങൾ മാറി നല്ലരീതിയിലുള്ളൊരു ജോലി കിട്ടുകയും ജീവിതം അനുകൂലമായി മുന്നോട്ടു പോകുകയും ചെയ്യുന്നതാണ്.

പ്രവചനത്തിലേക്കുള്ള കത്തുകൾ അയയ്ക്കേണ്ട വിലാസം: **Pravachanam, Kalakaumudi daily, 19/1, Jolly Maker chambers II, Nariman Point, Mumbai-21.**

SudokU-58

	7				3			1
1			9			8		4
	3	8	6	1		2		
				6	4			7
	1			8			2	3
9	2	7	5					8
	9			2		3	1	
5	8				6			
	4		1	5		9	8	

Sudoku-57 answer

3	8	5	9	6	1	7	4	2
4	6	1	3	7	2	5	9	8
9	7	2	5	4	8	1	6	3
2	1	9	6	5	4	3	8	7
6	5	7	1	8	3	4	2	9
8	4	3	2	9	7	6	1	5
7	2	6	8	1	5	9	3	4
1	3	4	7	2	9	8	5	6
5	9	8	4	3	6	2	7	1

ടെലിവിഷൻ

ഡിഡി മലയാളം
7.00 കാവ്യമേള
07.30 വാർത്തകൾ
8.30 തുറന്ന മനസ്സോടെ
9.00 ബ്രാൻഡ് കേരള
09.30 സൂപ്പർ ഹിറ്റ്സ്
10.00 ന്യൂസ്
3.02 സിനിമ
6.00 ബിസിനസ് മാറ്റേഴ്സ്
6.30 സല്ലാപം
7.00 വാർത്തകൾ
7.15 സ്വാസ്ഥ്യ കേരളം
7.20 സുതാര്യ കേരളം

സിനിമ

ദൂരദർശനം	:: ഹൈവേ
ഏഷ്യാനെറ്റ്	:: 5.00 പാർത്ഥൻ കണ്ട പരലോകം രാത്രി 1.30 ഡെയ്സി
പ്ളസ്	:: 9.00 ജെയിംസ്ബോണ്ട് രാത്രി 7.30 ഹരീന്ദ്രൻ ഒരു നിഷ്കളങ്കൻ
എസിവി	:: രാത്രി 10.00 തച്ചിലേടത്തു ചുണ്ടൻ
കൈരളി	:: രാത്രി 2.00 നാരദൻ കേരളത്തിൽ
വി	:: 1.00 പപ്പായുടെ സ്വന്തം അപ്പൂസ് രാത്രി 9.30 നഗരവധു

ഹെഡ്‌ലൈൻസ്
10.02 നാട്ടുവിശേഷം
10.25 മോർണിംഗ് ഷോ
11.00 വാർത്തകൾ
11.02 സംഗീതിക
11.30 സർഗ്ഗസംഗമം
02.30 മൂവി മിക്സ്
03.00 ഡി ഡി കേരളം പരിപാടികൾ

ഡിഡി കേരളം
9.00 സഹായി
10.00 അരങ്ങ്
10.30 ഗൾഫ് ഫോക്കസ്

ഏഷ്യാനെറ്റ് പ്ലസ്
6.30 ദേവസംഗീതം
8.00 ഇളൈ മഴൈ
9.00 സിനിമ
12.30 ബ്ലഫ്മാസ്റ്റേഴ്സ്
1.00 ഞാൻ സ്ത്രീ
2.00 ഹൃദയരാഗം

2.30 ഇവന്റ്സ്
5.00 കണക്ട്പ്ലസ്
6.30 ബിഗ്പിക്ചർ
7.00 റിം ജിം
7.30 സിനിമ
10.30 അയേൺ ഹാർട്ട്
11.05 ഐതീഹ്യകേരളം

ന്യൂസ്
6.30 സ്ലോട്ട്
8.30 കേട്ടതും കണ്ടതും
9.30 വൻ വീഴ്ചകൾ
10.30 സഞ്ചാരം
11.30 തിരിച്ചുവരവുകൾ
12.30 താരത്തിനൊപ്പം
2.30 പൾസ്
3.30 അപ്രിയഗാനങ്ങൾ
5.00 വാർത്തകൾ
5.30 ഓപ്പൺഹൗസ്
7.30 അദാലത്ത്
8.00 സിൽവർ സ്ക്രീൻ
9.00 ന്യൂസ് ഹവർ
10.00 ലോകജാലകം
10.30 വാർത്ത
11.00 മാർക്കറ്റ്‌വാച്ച്
11.30 ഗൾഫ് വാർത്ത

അമൃത ടിവി
6.30 ഉദയാമൃതം
7.30 ഹരിതഭാരതം
8.00 വാർത്ത
8.30 പ്രദക്ഷിണം
9.30 വിഷ്ണുപുരാണം
12.30 ടേസ്റ്റ് ഒഫ് കേരള
3.30 സൂപ്പർ ഡാൻസർ
7.00 സൂപ്പർ സ്റ്റാർ 2 റീലോഡഡ്
7.30 സംഗീത സമാഗമം
8.30 സൂപ്പർ ട്രൂപ്പ്
9.30 അമൃതവർഷം
10.30 എന്റെ വാർത്ത

11.30 മ്യൂസിക് മിക്സ്

കിരൺ
6,00 ഗാനോത്സവം
7.00 ഗുഡ് മോണിംഗ്
8.00 കിരൺ വിഷസ്
10.00 ചുമ്മാ ചുമ്മാ
11.00 ഹലോ ഹലോ
1.00 ലേഡീസ് ചോയ്സ്
1.30 പോസ്റ്റ് ബോക്സ്
2.00 കിരൺ സെലക്ട്
4.00 ട്രെയിലർ ടൈം
5.00 തമിഴ് ഹിറ്റ്സ്
6.30 ഡാർലിംഗ് ഡാർലിംഗ്
7.00 നിങ്ങൾക്ക്

അറിയാമോ?
7.30 സിനിമ
10.00 മേഘസന്ദേശം

പീപ്പിൾ
7.00 ന്യൂസ് @ 7
7.30 ഓർമ്മ
8.00 ആറ്റുകാൽ പൊങ്കാല
8.30 ആറ്റുകാൽ പൊങ്കാല
10.00 ആറ്റുകാൽ പൊങ്കാല
9.30 ട്രാക്ക് ആന്റ് ഫീൽഡ്
11.30 ഇടപെടൽ
12.00 ന്യൂസ് നൂൺ
1.00 ഓൺ വീൽസ്
2.30 ആറ്റുകാൽ പൊങ്കാല
3.30 ആറ്റുകാൽ പൊങ്കാല
4.00 ന്യൂസ് വീക്ക്
5.30 സിനി ടാക്

6.00 കേരള വാർത്ത
7.30 ക്വസ്റ്റ്യൻ ടൈം
8.30 വാർത്താ വിചാരം
9.00 സൺഡേ നൈറ്റ്
10.00 സ്ത്രീ ശബ്ദം
10.30 മൈൻഡ് വാച്ച്
11.00 ന്യൂസ് ടു നൈറ്റ്

വി
7.00 ഡ്യൂ ഡ്രോപ്സ്
9.00 അബ്രാകാഡാബ്ര
11.00 ടെലിബ്രാൻഡ് ഷോ
1.00 സിനിമ
3.30 തമിഴകം
5.00 ഡ്യൂ ഡ്രോപ്സ്
6.00 ചിക്ക്ചാറ്റ്

7.00 സിൽസില
7.30 കാമ്പസ് ചില്ലീസ്
8.00 ഗാനമേള-ലൈവ്
9.30 സിനിമ

മനോരമ ന്യൂസ്
8.30 നാട്ടുവാർത്ത
10.30 പുത്തൻപടം
11.30 മണികിലുക്കം
1.00 വാർത്ത
1.30 നാട്ടുവാർത്ത
2.30 വീട്
4.30 വിറ്റ്നസ്
6.00 സന്ധ്യാ വാർത്ത
7.30 ഫാസ്റ്റ്ട്രാക്ക്

8.30 യുവ ചലഞ്ച്
9.00 പ്രൈം ടൈം
9.30 ഈ ലോകം
10.00 കാഴ്ച

ജയ്ഹിന്ദ് ടിവി
7.00 ജയ്ഹിന്ദ് ന്യൂസ്
7.30 ആറ്റുകാൽ പൊങ്കാല
12.00 സ്വാദ്
12.30 ടീൻസ് ഡയറി
2.00 മാറ്റിനി ചാറ്റ്
2.30 ഫാരൻഹീറ്റ്
4.30 എക് ദം

ഫ്രെഷ്
6.00 കുട്ടികളുടെ വാർത്ത
7.00 ഫിലിം ഫോക്കസ്
8.30 സാരംഗി
9.00 ന്യൂസ്
10.30 ന്യൂസ്
11.00 ജയ് ഹനുമാൻ
11.30 സമക്ഷം

ഇന്ത്യാവിഷൻ
6.30 ആത്മീയ യാത്ര
7.30 പോളിട്രിക്സ്
8.30 ദി ഗ്രേറ്റ്

ഇന്ത്യൻ സർക്കസ്
9.30 മുഖാമുഖം
10.30 കാലിഡോസ്കോപ്പ്
1.30 പോളിട്രിക്സ്
2.30 ആരോഗ്യ വിചാരം
03.30 മുഖാമുഖം
06.00 കണക്ടിംഗ് കേരളം
7.30 ബോക്സ് ഓഫീസ്
9.00 ന്യൂസ് നൈറ്റ്
10.00 വാസ്തവം
11.00 എൻ കൗണ്ടർ

ജീവൻ
7.00 ജീവൻന്യൂസ്
09.00 ആയുർസൗഖ്യം
11.00 എന്റെ വീട്
11.30 മുഖങ്ങൾ മൂല്യങ്ങൾ
03.30 ജീവൻ രേഖ
5.30 ഞാനും പറയട്ടെ
06.30 കേരളവാർത്ത
07.05 ആട്ടോ ക്ലബ്ബ്
07.30 സിനി ഹിറ്റ്സ്
8.30 സ്റ്റാർ ചാറ്റ്
10.00 ന്യൂസ് അറ്റ്ടെൻ
10.30 ആഴ്ചവട്ടം

ROSE BOWL
08.00 Bollywood Gaga
9.00 Nine weekend
10.00 Nothing but the hits

11.00 Sunday Funday
03.30 Jagee's cook book
04.00 Big Ticket
07.30 Listaminia
08.00 Bollywood Gaga
9.00 Nine Sunday
09.30 Rosebowl prime
12.05 Over Drive

DISCOVERY
08.00 Wild Discovery
09.00 Engineering the World
10.00 Colours of India
11.00 Discovery Kids
12.00 Yatra Indian Travel
01.00 Wild Discovery
02.30 Call All
03.00 Dirty jobs week
07.00 Wild Discovery
08.00 Colours of India
10.00 Weapon master
11.00 Night Safary

ANIMAL PLANET
8.00 Planet wild
9.00 Crocodile Hunter
10.00 Animal Planet Safary
12.00 Most Extreme
2.00 Animal Planet Safary
4.00 Wilds Cats Rule
6.00 Planet wild
8.00 Most Extreme
11.00 Wilds Cats Rule

വിക്ടേഴ്സ്
7.00 എസ്.എസ്.എൽ.സി ഒരുക്കം
7.30 ക്വിസ് ടൈം
8.00 ഡി.ഡബ്ളിയു ടൈം
9.30 എൻ.എഫ്.ഡി.സി ഫിലിം
12.00 ഇന്നലെ കളിലെ ഇന്ന്
12.30 ഡി.ഡബ്ളിയു സ്പെഷ്യൽ
1.30 ബ്ളോക്സ് ഇൻ പീരിയോഡിക്സ്
2.15 ശാസ്ത്ര ജാലം
3.00 ശ്രീനാരായണ ഗുരു
6.00 നൂറുമേനി
6.35 മൗസ് ടിവി
7.30 മൊഴിമുത്തുകൾ
9.00 അനുസ്മരണം
10.00 കൂടിയാട്ടം

സ്റ്റാർട്ട് ആക്ഷൻ

ജെനിലിയയുടെ കാമുകൻ

തെന്നിന്ത്യയിലും ബോളിവുഡിലുമൊക്കെ ഹിറ്റുകൾ സ്വന്തമാക്കിയ ജെനിലിയ തന്റെ പ്രണയം വെട്ടിത്തുറന്നു പറഞ്ഞു. കാമുകൻ നിസാരക്കാരനല്ല സിനിമാക്കാരനുമല്ല ഒരു മുൻ മുഖ്യമന്ത്രിയുടെ മകനാണ്. മഹാരാഷ്ട്ര മുൻ മുഖ്യമന്ത്രി വിലാസ് റാവു ദേശ്മുഖിന്റെ മകൻ ദേശ്മുഖ് റിതേഷാണ് കാമുകൻ. ഈയിടെ റിതേഷുമായി ജെനിലിയയുടെ വിവാഹം കഴിഞ്ഞുവെന്ന പ്രചാരണം ഉണ്ടായപ്പോഴാണ് പ്രണയരഹസ്യം ജെനിലിയ വെളിപ്പെടുത്തിയത്. മറ്റൊന്നുകൂടി ജെനിലിയ ഉറപ്പിച്ചു പറഞ്ഞു ''ഞങ്ങളുടെ വിവാഹം കഴിഞ്ഞിട്ടില്ല.''

എന്നെ കെട്ടിച്ചുവിടാൻ ആർക്കാണിത്ര തിടുക്കം. ഇത് തീർത്തും എന്റെ സ്വകാര്യതയാണ്. അതിൽ ആരും ഇടപെടുന്നത് എനിക്കിഷ്ടമല്ല- ജെനിലിയ പറയുന്നു. ഇതുവരെ 29 ചിത്രങ്ങളിൽ അഭിനയിച്ച ജെനിലിയ ഡിക്രൂസ് ഇപ്പോൾ ഒരേ സമയം തെലുങ്ക്, തമിഴ്, ഹിന്ദി ചിത്രങ്ങളിൽ അഭിനയിച്ചുവരികയാണ്.